**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** — **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ. അനൂപ് ജേക്കബ് | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിന് അനുസൃതമായി സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം പുനസംഘടിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | (എ) | ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസമാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ അടിത്തറ. പ്രസ്തുത അടിത്തറയിൽ നിന്നുകൊണ്ട് ജനകീയത, ആധുനികത, മാനവികത എന്നിവയിൽ ഊന്നിക്കൊണ്ടുള്ള മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം വളർത്തുക എന്നതാണ് ഈ സർക്കാർ സ്വീകരിച്ച നിലപാട്. ഈ നിലപാട് സാർത്ഥകമാക്കുന്നതിന് വേണ്ട കർമ്മ പദ്ധതികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം പുനസംഘടിപ്പിച്ച് ആധുനികവൽക്കരിക്കു ന്നതിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട്, ഏറ്റവും മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടും, മുഴുവൻ പൊതുവിദ്യാലയങ്ങളും സാങ്കേതിക വികസന സൗഹൃദമാക്കിക്കൊണ്ടും, പൊതുവിദ്യാലയങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും സർക്കാർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വരുന്നു. തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനും ഡിജിറ്റൽ വിടവില്ലാതെ എല്ലാ വിഭാഗം സ്കൂൾ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെപ്രയോജനം ഉറപ്പുവരുത്തുന്നതിനും ‘ഹൈടെക് സ്കൂൾ’, ‘ഹൈടെക് ലാബ്’ പദ്ധതികളും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് എസ്.സി.ഇ.ആർ.ടി.യുടെ സഹായത്തോടെ സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിലൂടെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിലും ഗ്രഹണപാടവത്തിലും ഉയർച്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടച്ചുപൂട്ടിയതിലൂടെ വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും പുതിയ പ്രശ്നങ്ങൾ ഉണ്ടായതായി വിലയിരുത്തുന്നുണ്ടോ; | (സി) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് 10 ന് സ്കൂളുകൾ അടച്ചിരുന്നുവെങ്കിലും പൊതു പരീക്ഷകൾ കൃത്യമായി പൂർത്തീകരിക്കുകയും റിസൾട്ട് സമയ ബന്ധിതമായി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂട്ടംചേരുക, കൂട്ടുകാരുമായി ഉല്ലസിക്കുക എന്നത് കുട്ടികളുടെ സ്വാഭാവിക പ്രകൃതമാണ്. കോവിഡ് 19 ന്റെ രോഗവാഹകർ മനുഷ്യരാണെന്നതിനാൽ രോഗപ്രതിരോധത്തിനായി ഒട്ടേറെ കരുതലുകൾ ആവശ്യമായിരുന്നു. പ്രസ്തുത കരുതലിന്റെ ഭാഗമായി സ്കൂളുകൾ അടച്ചിടേണ്ടിവന്നു. അത്തരം അടച്ചിടൽ മൂലം കുട്ടിയുടെ സഹജ ശീലങ്ങളിൽ പലതരത്തിലും നിയന്ത്രണങ്ങളുണ്ടായി. ഇത്തരം നിയന്ത്രണങ്ങൾ കുട്ടികളിൽ സമ്മർദ്ദവും ആശങ്കയും പിരിമുറുക്കവും ഉണ്ടാക്കിയിട്ടുണ്ടാകാം എന്ന് യൂണിസെഫ്, യുനെസ്കോ പോലുള്ള ലോകസംഘടനകൾ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും എന്ത് ഇടപെടലാണ് ഇതിനകം നടത്തിയതെന്ന് വ്യക്തമാക്കാമോ? | (ഡി) | കുട്ടികളിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളൊന്നും ഉണ്ടാകാതെ ചേർത്തുനിർത്താനുള്ള ശ്രമങ്ങളാണ് സർക്കാർ ആവിഷ്ക്കരിച്ചത്. ലോക്ഡൗൺ പ്രഖ്യാപനം മൂലം പാതിവഴിയിൽ നിർത്തിവയ്ക്കേണ്ടിവന്ന 2020 മാർച്ചിലെ 10,11,12 ക്ലാസുകളിലെ പൊതുപരീക്ഷകൾ കോവിഡ്-19 പ്രോട്ടോക്കോൾ നിലവിലുണ്ടായ അവസ്ഥയിലും മറ്റെല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടും ജനങ്ങളുടെ നിർലോഭമായ പിന്തുണയോടെയും വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു. അവധിക്കാലത്ത് വീട്ടിൽ അകപ്പെട്ടുപോയ കുട്ടികളെ കർമ്മനിരതരാക്കാൻ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ "അക്ഷര വൃക്ഷം" പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി. പരിസ്ഥിതി,ശുചിത്വം,പകർച്ചവ്യാധി എന്നിങ്ങനെ |

| | | | |
|---|---|---|---|
| | | | കാലിക പ്രസക്തിയുള്ള വിഷയങ്ങളെ അധികരിച്ച് കുട്ടികൾക്ക് കഥകളും, കവിതകളും ലേഖനങ്ങളും എഴുതാനും സ്കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്യാനുമുള്ള അവസരമൊരുക്കി. മുഴുവൻ കുട്ടികളേയും ഉൾക്കൊണ്ടുകൊണ്ട് അവരെ കർമ്മനിരതരാക്കാനും പഠനപാതയിൽ നിലനിർത്താനും സഹായകമാകും വിധം ഡിജിറ്റൽ ക്ലാസ്സുകൾ ജൂൺ 1ന് തന്നെ ആരംഭിക്കാൻ കഴിഞ്ഞു. കുട്ടികൾ സന്തോഷത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്ന "വർക്ക്ഷീറ്റുകൾ" പ്രൈമറി കുട്ടികൾക്കെല്ലാം സമഗ്രശിക്ഷാ കേരളം വഴി എത്തിക്കുന്നുണ്ട്. ആരും ഒറ്റയ്ക്കല്ല എല്ലാവരും കൂടെയുണ്ട് എന്ന ആത്മ വിശ്വാസം കുട്ടികൾക്ക് പകരാൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ട്. സ്കൂൾ തുറക്കാത്തതിനാലും കൂട്ടുകാരുമായും അദ്ധ്യാപകരുമായും ഇടപെടാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ചില വിദ്യാർത്ഥികൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് മുതിർന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും കൗൺസിലിംഗ് പ്രവർത്തനം നടന്നു വരുന്നു. ക്ലാസ് അദ്ധ്യാപകരും കുട്ടികളെ നേരിട്ട് കാണുന്നതിനോ അല്ലെങ്കിൽ ഫോൺ മുഖേന ആശയവിനിമയം നടത്തുന്നതിനോ സമയം കണ്ടെത്തുന്നു. കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിന് കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ